# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 351 — 18.10.2016 - ൽ മറുപടിയ്ക്ക്

### കയർ മേഖലയുടെ വികസനത്തിനായി നൂതന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ബി.സത്യൻ<br>ശ്രീ. വി. ജോയി<br>ശ്രീ.കെ. ദാസൻ | ഡോ.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |
| എ) കയർ മേഖലയുടെ വികസനത്തിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; | എ) കയർ മേഖലയിൽ യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുകയും എല്ലാ നിയന്ത്രണങ്ങളും നീക്കുകയും ചെയ്യും. ചകിരി ഉൽപ്പാദന യൂണിറ്റുകൾക്ക് 50% ഇൻവെസ്റ്റ്മെന്റ് സബ്സിഡിയും തൊണ്ട് സംഭരണത്തിന് പിന്തുണയും നൽകുന്നുണ്ട്. ഉൽപ്പന്നമേഖലയിൽ കയർബോർഡ് സബ്സിഡികൾക്കു പുറമെ 10% അധിക സബ്സിഡി നൽകും. ആലപ്പുഴയിൽ പി.വി.സി. കയർ അവശിഷ്ടങ്ങൾ ഉപയോഗിച്ച് ബോർഡ് ഫാക്ടറി ആരംഭിക്കും. കൂടാതെ 2016-17 ലെ ബജറ്റ് പ്രസംഗത്തിൽ പി.പി.എസ്.എസ്. ഫണ്ട് 17 കോടിയിൽ നിന്നും (നിലവിലുള്ള ബജറ്റ് വിഹിതം) 100 കോടി ആയി ഉയർത്തിയിട്ടുണ്ട്. |
| ബി) രണ്ടാം കയർ പുന:സംഘടനാ പരിപാടി നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | ബി) ഉണ്ട്. ഇതിനായി 2016-17 ലെ ബജറ്റ് പ്രസംഗത്തിൽ 15 കോടി രൂപ വകയിരുത്തി പ്രഖ്യാപിച്ചിട്ടുണ്ട്. |
| സി) പരമ്പരാഗത കയറും കയറുൽപ്പന്നങ്ങളും സർക്കാർ സംഭരിയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | സി) കയർ, കയർഫെഡ് വഴിയും, കയർ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ വഴിയും സംഭരിച്ചുവരുന്നു. |
| ഡി) പ്രസ്തുത മേഖലയുടെ ഉന്നമനത്തിനായി കയർ മേഖലയ്ക്കുള്ള വിഹിതം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | ഡി)കയർമേഖലയുടെ വികസനത്തിനായി 2016-17 ബജറ്റ് പ്രഖ്യാപനത്തിൽ നേരത്തേ വകയിരുത്തിയ 117 കോടി രൂപ വർദ്ധിപ്പിച്ച് 232 കോടി രൂപ ആയി ഉയർത്തിയിട്ടുണ്ട്. ഇതിൽ ക്രയവിലസ്ഥിരതാ ഫണ്ട് 17 കോടിയിൽ നിന്നും 100 കോടി ആയും പുന:സംഘടനയ്ക്കും മാനേജീരിയൽ സബ്സിഡിയ്ക്കുമായി 15 കോടി രൂപയും അധികം വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ